സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ്

208 |1150| *ശ്രീ. ടി. എം. ജേക്കബ്:*

,, *ഷിബു ബേബി ജോൺ:*

,, *ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ജലവൈദ്യുത പദ്ധതി, താപനിലയം തുടങ്ങിയവയിൽ ഓരോന്നിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) ഇപ്പോഴത്തെ പ്രതിദിന ഉപഭോഗം എത്രയാണ്; ഇതിൽ ഗാർഹികാവശ്യത്തിനും വ്യാവസായിക ആവശ്യത്തിനും ഉപയോഗിക്കുന്നത് എത്ര വീതമാണ്;

(ഡി) കേന്ദ്രപൂളിൽനിന്നും ലഭിക്കുന്ന വൈദ്യുതിയുടെ അളവെത്രയാണ്;

(ഇ) ഇപ്പോഴത്തെ പ്രസരണനഷ്ടം എത്ര ശതമാനമാണ്; ഇത് കുറച്ചുകൊണ്ടുവരാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2005 ജൂലൈ മാസത്തിലെ പ്രതിദിന ശരാശരി വൈദ്യുതി ഉൽപ്പാദനം 16.2887 ദശലക്ഷം യൂണിറ്റാണ്.

(ബി) ഇതിൽ ജലവൈദ്യുത പദ്ധതിയിൽനിന്നും 16.1957 ദശലക്ഷം യൂണിറ്റും താപനിലയത്തിൽനിന്നും 0.0930 ദശലക്ഷം യൂണിറ്റും വൈദ്യുതി ഉൽപ്പാദിപ്പിച്ചു.

(സി) ജൂൺ 2005-ലെ കണക്കനുസരിച്ച് പ്രതിദിന ശരാശരി ഉപഭോഗം 34.61 ദശലക്ഷം യൂണിറ്റാണ്. ഇതിൽ ഗാർഹികാവശ്യത്തിന് ശരാശരി 15.5 ദശലക്ഷം യൂണിറ്റും വ്യാവസായികാവശ്യത്തിന് 13.3 ദശലക്ഷം യൂണിറ്റും ഉപയോഗിക്കുന്നു.

(ഡി) ജൂലൈ മാസത്തെ കണക്കനുസരിച്ച് കേന്ദ്രപൂളിൽനിന്നും പ്രതിദിനം ശരാശരി 20.0883 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലഭിച്ചു.

(ഇ) 2004-2005 വർഷത്തെ പ്രസരണനഷ്ടം 5.07 ശതമാനമാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രസരണനഷ്ടം കുറയ്ക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു:

1. പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും സ്ഥാപിക്കുക.
2. അറ്റകുറ്റപ്പണികൾ ക്രമമായി സമയാസമയങ്ങളിൽ ചെയ്യുക.
3. എനർജി ആഡിറ്റിംഗ് നടത്തുക.

പുതിയ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകൾ

209 [1151] *ശ്രീ. യു. സി. രാമൻ:*

,, *ഇസ്ഹാക് കുരിക്കൾ:*

,, *മോയിൻകുട്ടി:*

,, *ടി. പി. എം. സാഹിർ:*

,, *സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതയെപ്പറ്റി അന്വേഷിക്കുന്നുണ്ടോ;

(ബി) പുതിയ പ്രോജക്ടുകൾ ആരംഭിക്കാൻ സാദ്ധ്യതയുള്ളത് എവിടെയൊക്കെയാണ്;

(സി) ഇതുമൂലം ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്ന വൈദ്യുതി എത്രയാണ്;

(ഡി) അടുത്ത 10 കൊല്ലത്തെ സംസ്ഥാനത്തിന്റെ വികസനത്തിന് ആവശ്യമായിവരുന്ന വൈദ്യുതി എത്രയാണ്;

(ഇ) ഇത്രയും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് വേണ്ടത്ര പ്രോജക്ടുകൾ ഗവൺമെന്റിന്റെ കൈവശമുണ്ടോ;

(എഫ്) ഇല്ലെങ്കിൽ വികസനത്തിന് വേണ്ടിവരുന്ന വൈദ്യുതി എപ്രകാരം ഉണ്ടാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പീച്ചി, വിളങ്ങാട്, പശുക്കടവ്, പുഴിത്തോട്, മണിയാർ ടെയിൽ റേസ്, ചാത്തൻകോട്ടുനട, ചെങ്കുളം ടെയിൽറേസ്, ചെമ്പുകടവ് മൂന്നാം ഘട്ടം, പെരുന്തേനരുവി എന്നീ ചെറുകിട പദ്ധതികളും ആതിരപ്പിള്ളി, പള്ളിവാസൽ എക്സ്റ്റൻഷൻ, തോട്ടിയാർ, ബാരാപോൾ, ചെളിക്കല്ലാർ, അച്ചൻകോവിൽ, ചിന്നാർ, പാമ്പാർ എന്നീ പദ്ധതികളുമാണ് കെ. എസ്. ഇ. ബി. നേരിട്ട് നടപ്പിലാക്കുവാൻ പദ്ധതിയിട്ടിട്ടുള്ളത്. പുതുതായി സ്വകാര്യമേഖലയിൽ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ ആരംഭിക്കുവാനായി പല ഘട്ടങ്ങളിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

†അനുബന്ധം XI.

LIBRARY ARCHIVES Kerala Legislative Assembly